(ബി) കൊച്ചി നഗരത്തെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന ഏറ്റവും ലാഭകരമായ പാത നിലവിൽ വരണമെങ്കിൽ കടമക്കുഴി-പിഴല പാലം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കടമക്കുടി-പിഴല പാലം എന്ന പേരിൽ ഒരു പാലം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ ചേന്ദർ-പിഴല, പിഴല-ചിറയൻ തുരുത്ത് എന്നീ രണ്ട് പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ട്. ഈ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് അലൈൻമെന്റ് അംഗീകരിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ആണ് ഈ പാലങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്.

നീലേശ്വരം-ചട്ടഞ്ചാൽ റോഡ് നിർമ്മാണം

230 (5315) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഎച്ച്. 66-ൽ നീലേശ്വരംമുതൽ ചട്ടഞ്ചാൽവരെ ഉപരിതലം പുതുക്കുന്നതിനുള്ള നടപടി ഏത് വരെയായെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത മേഖലയിൽ വലിയ കുഴികൾ രൂപപ്പെടുകയും അപകടങ്ങൾ തുടർച്ചയായി ഉണ്ടാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കുഴികൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.എച്ച് 66-ൽ നിലേശ്വരം മുതൽ ചട്ടഞ്ചാൽവരെ ഉപരിതലം പുതുക്കുന്നതിനുള്ള പ്രവൃത്തിയുടെ കരാർ ഒപ്പ് വച്ച് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കുഴികൾ അടിയന്തരമായി നികത്തുന്നതിന് നിർദ്ദിഷ്ട കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly